# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4943 : 21/10/2011 -ൽ മറുപടിക്ക്

### വനിതാ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ

ചോദ്യം

ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും

നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനിതാ ചെറുകിട വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായം ആരംഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്; | (എ) | വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം, വിമൻസ് ഇൻഡസ്ട്രീസ് പ്രോഗ്രാം, വനിതാ വ്യവസായ സംരംഭകർ നടത്തുന്ന യൂണിറ്റുകൾക്ക് അധിക ഇൻവെസ്റ്റുമെന്റ് സബ്സിഡി, വനിതാ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തവും മെഷിനറി ഗ്രാന്റും നൽകുക, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>വിമൻസ് ഇൻഡസ്ട്രീസ് സ്കീം (WIS) അനുസരിച്ച് വനിത ഉടമസ്ഥയായും 50 % എങ്കിലും വനിതാ ജോലിക്കാർ ഉള്ളതുമായ യൂണിറ്റുകൾ, പ്രൊപ്രൈറ്ററി യൂണിറ്റുകൾ, പാർട്ണർഷിപ്പ് യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ കമ്പനികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, സ്വയം |

| | | | |
|---|---|---|---|
| | | | സഹായ സംഘങ്ങൾ എന്നീ വിഭാഗത്തിൽപ്പെടുന്ന വനിതാ യൂണിറ്റുകൾ എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു.<br>XII-ാം ക്ളാസു വരെ പഠിച്ചിട്ടുളളവരോ അല്ലെങ്കിൽ ഐ.റ്റി.ഐ പാസ്സായിട്ടുളളതോ, അല്ലെങ്കിൽ 6 മാസത്തിൽ കുറയാതെ ഗവൺമെന്റ് അംഗീകാരമുളളടെക്നിക്കൽ കോഴ്സ് പഠിച്ചവരും 18 വയസ് പൂർത്തിയായവരും 40 വയസ്സിൽ താഴെ പ്രായം ഉളളവരുമായ വനിതകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.<br>വിമൻസ് ഇൻഡസ്ട്രീസ് പ്രോഗ്രാം (WIP) അനുസരിച്ച് വനിത ഉടമസ്ഥയായും 80% എങ്കിലും ജോലിക്കാർ വനിതകൾ ആയിരിക്കുകയും ചെയ്യുന്ന വനിതാ വ്യവസായ യൂണിറ്റുകൾക്ക് മെഷിനറി ഗ്രാന്റ്, ബിൽഡിംഗ് ഗ്രാന്റ് ഇവ നൽകി വരുന്നു. കൂടാതെ, പ്രൊപ്രൈറ്ററി യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ, പാർട്ട്ണർഷിപ്പ് യൂണിറ്റുകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.<br>വനിതാ വ്യവസായ സംരംഭകർ നടത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് മുതൽ മുടക്കിന്റെ 5% അധിക ഇൻവെസ്റ്റ്മെന്റ് സബ്സിഡി പരമാവധി 1 ലക്ഷം രൂപ വരെ സാധാരണ ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്കു പുറമേ നൽകി വരുന്നു.<br>വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തവും മെഷിനറി |

| | | | |
|---|---|---|---|
| | | | ഗ്രാന്റും നൽകി വരുന്നു.<br>പി. എം. ഇ. ജി. പി പദ്ധതി പ്രകാരം വനിതകൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പ്രത്യേക നിരക്കിൽ സബ്സിഡി നൽകി വരുന്നു. |
| (ബി) | ഇവർക്ക് പുതിയ ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് എന്തെങ്കിലും ഇളവുകൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് വിമൻസ് ഇൻഡസ്ട്രീസ് സ്കീം (WIS) . ഈ പദ്ധതി പ്രകാരം പദ്ധതി ചിലവിന്റെ 20% പരമാവധി 3 ലക്ഷം രൂപ വരെ സർക്കാർ മാർജിൻ മണി ഗ്രാന്റായി നൽകുന്നു. കൂടാതെ വിപണന പ്രോത്സാഹനത്തിനും പരിശീലനം നൽകുന്നതിനും ഈ സ്കീമിൽ വ്യവസ്ഥ ഉണ്ട്. വിമൻസ് ഇൻഡസ്ട്രീസ് പ്രോഗ്രാം (WIP) പ്രകാരം മെഷീനറിയുടെ മൊത്തം മുതൽ മുടക്കിന്റെ 50% പരമാവധി 75000 രൂപ മെഷിനറി ഗ്രാന്റ് ഇനത്തിലും ബിൽഡിംഗ് നിർമ്മിക്കുന്നതിന് ചിലവായ തുകയുടെ 50% പരമാവധി 50000/- രൂപ ബിൽഡിംഗ് ഗ്രാന്റ് ഇനത്തിലും നൽകി വരുന്നു. ഇൻവെസ്റ്റ്മെന്റ് സബ്സിഡി പദ്ധതി പ്രകാരം വനിതാ സംരംഭകർ നടത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് മുതൽ മുടക്കിന്റെ 5 % അധിക ഇൻവെസ്റ്റ്മെന്റ്, സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ വരെ സാധാരണ ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്കു പുറമെ നൽകി വരുന്നു. വനിതകളുടെ |

| | | | |
|---|---|---|---|
| | | | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പിരിച്ചെടുക്കുന്ന ഓഹരി മൂലധനത്തിന്റെ 6 ഇരട്ടി പരമാവധി ഒരു സംഘത്തിന് 3.50 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്തമായും മെഷിനറി വാങ്ങുന്നതിന് ചിലവാകുന്ന തുകയുടെ 50 % പരമാവധി 25,000/- രൂപ മെഷിനറി ഗ്രാന്റായും നൽകി വരുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം വനിതകൾ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പട്ടണ പ്രദേശങ്ങളിൽ പദ്ധതി ചിലവിന്റെ 25% നിരക്കിലും ഗ്രാമപ്രദേശങ്ങളിൽ 35% നിരക്കിലും സബ്സിഡി നൽകി വരുന്നു. |
| (സി) | ഇവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങൾ നിലവിൽ നൽകി വരുന്നു? | (സി) | വനിതാ സംരംഭകർക്ക് ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം പ്രകാരം താഴെപറയുന്ന കാര്യങ്ങൾക്ക് സഹായം നൽകി വരുന്നു.<br>1. ബി.ഐ.എസ്/അഗ്മാർക്ക് സർട്ടിഫിക്കേഷൻ നേടുക ബാർകോഡിംഗ്, ഹസാർഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച് എ സി സി പി ) സർട്ടിഫിക്കറ്റ് നേടുക.<br>2. ഉല്പന്നത്തിന് പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുക.<br>3. മാദ്ധ്യമങ്ങളിൽ കൂടിയുള്ള പരസ്യങ്ങൾ നൽകുക.<br>4. പരസ്യ ബോർഡുകൾ സ്ഥാപിക്കുക.<br>5. ദേശീയ പ്രാദേശിക പ്രദർശനങ്ങളിൽ പങ്കെടുക്കുക.<br>ബി.ഐ.എസ്/അഗ്മാർക്ക് |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കേഷൻ നേടുക, ബാർകോഡിംഗ്, എച്ച്എസിസിപി സർട്ടിഫിക്കറ്റുകൾ നേടുന്നതിന് ചിലവാകുന്ന തുകയുടെ 50 % പരമാവധി 1 ലക്ഷം രൂപയും പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുന്നതിനും മാദ്ധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനും ചിലവാകുന്ന തുകയുടെ 50% പരമാവധി 50,000 രൂപയും ദേശീയ പ്രാദേശിക പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ചിലവാകുന്ന തുകയുടെ 50% പരമാവധി 75,000 രൂപയും ഇപ്രകാരം വിപണന സഹായമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ